# കശുമാവ് കൃഷി വിവാദം പുതിയ ഘട്ടത്തിലേക്ക്

**പി.ഇ. ഉഷ**

കാലിക്കറ്റ് സർവ്വകലാശാല കാമ്പസിൽ നാനൂറ് ഏക്കർ ഭൂമി കശുവണ്ടി വികസന പ്ലാന്റേഷനു കൈമാറി കശുമാവ് പ്ലാന്റേഷൻ ഉണ്ടാക്കുന്നതു സംബന്ധിച്ചുള്ള വിവാദം ഒരു പുതിയ ഘട്ടത്തിലെത്തി നിൽക്കുകയാണ്. പാരിസ്ഥിതിക ആഘാതത്തെപ്പറ്റി പഠിക്കാൻ രൂപവൽക്കരിക്കപ്പെട്ട കമ്മറ്റി (ഡോ.ഉണ്ണികൃഷ്ണൻ സസ്യശാസ്ത്രവിഭാഗം കോഴിക്കോട് സർവ്വകലാശാല, ഡോ.അബ്ദുൾസലാം, അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, ഡോ.സുമംഗല നമ്പ്യാർ അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, ഡോ. പണിക്കർ (Retd Director), റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) സർവ്വകലാശാലക്ക് റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. മൂന്നുതവണ ഈ വിദഗ്ദ്ധസമിതി സർവ്വകലാശാലയിൽ കൂടിയിരുന്നു. 14-10-99 ന് പൊതുജനങ്ങളിൽ നിന്ന് തെളിവെടുപ്പും നടത്തുകയുണ്ടായി. കശുമാവ് പ്ലാന്റേഷൻ ഉണ്ടാക്കുന്നതുകൊണ്ട് ഒരു പാരിസ്ഥിതിക പ്രശ്നവുമുണ്ടാവില്ല എന്നാണ് ഒടുവിൽ സമിതിക്ക് കണ്ടെത്തേണ്ടി വന്നത്. മാത്രമല്ല സർവ്വകലാശാല കാമ്പസിൽ വംശനാശഭീഷണിയുള്ളതൊ സർവ്വകലസാശാല കാമ്പസിൽ മാത്രം കാണുന്നതോ ആയ ഏതെങ്കിലും ഒരു ജീവി സസ്യവർഗ്ഗം (endemic Species) ഉള്ളതായി മൂന്നുതവണ ഗസ്റ്റ്ഹൗസിൽ യോഗം ചേർന്നപ്പോഴും കണ്ടെത്താനായില്ല. കാമ്പസിൽ ഒരു എക്കോളജിക്കൽ നിച്ചും (Ecological niche) ഉള്ളതായി കണ്ടെത്താനായില്ല എന്ന് വിദഗ്ദ്ധസമിതി റിപ്പോർട്ടിൽ പ്രത്യേകം പറയുന്നുണ്ട്. ബൊട്ടാണിക്കൽ ഗാർഡൻ, സമീപത്തുണ്ടെന്ന് പറയുന്ന സുഗന്ധ സസ്യത്തോട്ടം എന്നിവക്ക് യാതൊരു പ്രശ്നങ്ങളും കശുമാവ് പ്ലാന്റേഷൻ ഉണ്ടാക്കില്ലെന്നും സമിതി കണ്ടെത്തിയിട്ടുണ്ട്. കശുമാവ് കൃഷിയോടെ ഉണ്ടായേക്കാവുന്ന ഗവേഷണത്തിന്റെയും ഉൽപ്പാദനത്തിന്റെയും അനന്തസാധ്യതകൾ അടിവരയിട്ടു പറയുന്ന റിപ്പോർട്ടിൽ സാധ്യമാവുമെങ്കിൽ ജൈവവളങ്ങളും കീടനാശിനികളും ഉപയോഗിക്കാൻ ശുപാർശചെയ്യുന്നുണ്ട്.

സർവ്വകലാശാല കാമ്പസിലെ ജൈവ വൈവിധ്യം ആനുഷംഗികമായി മാത്രം ശ്രദ്ധിച്ചിട്ടുള്ള ഗവേഷകർപോലും ചൂണ്ടിക്കാട്ടുന്ന വസ്തുത മറ്റൊന്നാണ്. (ഡോ.ജാഫർ പാലാട്ട് ZSI ഹൈദരബാദ് ഡോ. പ്രിയദർശൻ ATREE, Blose, പ്രൊഫ.എൻ.രവി TBGRI പാലോട്, ഡോ.സജീവ്, (KFRI നിലമ്പൂർ) TBGRI ലെ പ്രൊഫസർ രവി കാമ്പസിൽനിന്ന് പുല്ല് വർഗ്ഗത്തിൽപെട്ട അത്യപൂർവ്വമായ ഒരു സസ്യം കണ്ടെത്തിയിട്ടുണ്ട്. അത് Rheeda vol 5(1) 3742 95ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ സൗത്തിന്ത്യയിൽതന്നെ അത്യപൂർവ്വമായ Ischaemum daselli പോലുള്ള പുല്ലുവർഗ്ഗത്തിൽപെട്ട സസ്യങ്ങൾ കാമ്പസ് ആവാസ വ്യവസ്ഥയിൽ ഉള്ളതാ

ബാക്കി പേജ് 5 കാണുക

# കശുമാവ് പ്ലാന്റേഷന് പുതിയ കമ്മിറ്റി

1-ാം പേജിൽനിന്ന് തുടർച്ച

യി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. സ്റ്റോൺപ്ലോവർ, ചുവപ്പുകാലി, മഞ്ഞക്കാലി, ചില പ്രത്യേകയിനം ലാർക്കുകൾ എന്നിവക്കു യോജിച്ച ബ്രീഡിംഗ് ഗ്രൗണ്ടാണ് കാമ്പസ് എന്നുതെളിഞ്ഞിട്ടുള്ളതാണ്. വമതയിലെ ഡോ. ജാഫർ പാലോട്ട് 80 ഇനം ചിത്രശലഭങ്ങളെ ഈ കാമ്പസിൽ തിരിച്ചറിഞ്ഞിട്ടുണ്ട്. അതുപോലെ 120 ഇനം പക്ഷികളെയും. വിദഗ്ദ്ധ സമിതി, ജൈവവൈവിധ്യം സംരക്ഷിച്ചുകൊണ്ട് കശുമാവ് പ്ലാന്റേഷൻ നടത്തുവാൻ നിർദ്ദേശിക്കുമ്പോൾ ഈ പക്ഷികളെയും ചിത്രശലങ്ങളെയും പ്ലാന്റേഷൻ പരിസരത്തുനിന്നും മാറ്റിനിർത്തികൊണ്ട് സംരക്ഷിക്കേണ്ടതെങ്ങനെയാണെന്ന് വ്യക്തമാക്കേണ്ടിയിരിക്കുന്നു. വിദഗ്ദ്ധ സമിതിയുടെ വൈദഗ്ധ്യവും യഥാർത്ഥ വസ്തുതകളും ഇടഞ്ഞു നിൽക്കെത്തന്നെ പരിസ്ഥിതിയെപ്പറ്റി ആർക്കും പറയാമെന്ന ഒരവസ്ഥ ഇവിടെ നിലനിൽക്കുന്നുണ്ടെന്ന് വിദഗ്ദ്ധസമിതി ചെയർമാൻ സമിതി റിപ്പോർട്ട് അവതരിപ്പിച്ചു കൊണ്ട് സർവ്വകലാശാല യൂണിയൻ നടത്തിയ ഡിബേറ്റിൽ അഭിപ്രായപ്പെടുകയുണ്ടായി. വൈദഗ്ധ്യത്തിന്റെ അധികാരികതയിൽ തർക്കമുണ്ട് എന്നതിലുപരി 'സാധാരണ ആളുകൾ ഇത്തരം പ്രവർത്തനങ്ങളിൽ കേറി ഇടപെട്ടു കളയരുത് എന്ന് ബോധ്യപ്പെടുത്താൻ കൂടി ശ്രമിക്കുന്നതാണദ്ദേഹത്തിന്റെ അഭിപ്രായം. വിദഗ്ധസമിതി റിപ്പോർട്ടു തള്ളിക്കളഞ്ഞുകൊണ്ട് കശുമാവ് കൃഷി ഉപേക്ഷിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ബഹുജനപ്രക്ഷോഭം തുടർന്നുവരവെയാണ് സർവ്വകലാശാലയുടെ പ്രഥമസിൻഡിക്കേറ്റ്യോഗം വിദഗ്ധസമിതി റിപ്പോർട്ട് പരിഗണിച്ച് കശുമാവ് പ്ലാന്റേഷനെപ്പറ്റി നിലപാടെടുക്കാൻ

ഡോ. ടി.കെ.നാരായണൻ, ശ്രീ ആഷിക്, ശ്രീ അബ്ദുൽഹമീദ് എന്നിവരടങ്ങുന്ന ഒരു കമ്മറ്റിയെ നിയോഗിച്ചിരിക്കുന്നത്. വിദഗ്ധസമിതി റിപ്പോർട്ടിന്റെ നിക്ഷിപ്ത താൽപ്പര്യവും ജൈവവൈവിധ്യത്തിന്റെ പ്രാധാന്യവും സത്യാവസ്ഥയും പ്ലാന്റേഷൻ ഉണ്ടാക്കാനിടയുള്ള പ്രശ്നങ്ങളെപ്പറ്റി ബഹുജനങ്ങളുടെ ആ

ശങ്കകളും സത്യസന്ധമായും വസ്തുനിഷ്ഠമായും മനസ്സിലാക്കാനും വിലയിരുത്താനുംഈ കമ്മറ്റി ശ്രമിക്കുമെന്ന് കാമ്പസ് സമൂഹം പ്രതീക്ഷിക്കുന്നു.